**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3922** **03-03-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം കോടതി സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം ജില്ലയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഹൈക്കോടതി രജിസ്ട്രാർ നൽകിയ പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. എന്നാൽ പിന്നീട് സ്ഥലത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് പ്ലാൻ മാറ്റി സമർപ്പിക്കുവാൻ ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് പി.ഡബ്ല്യൂ.ഡി നടപടി സ്വീകരിച്ചു വരികയാണ്. സർക്കാരിൽ പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ